പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

## നാഷണൽ റൂറൽ ലൈവ്‌ലിഹുഡ് മിഷൻ

നക്ഷത്രചിഹ്നമിട്ട 28.06.2013 ൽ മറുപടിക്ക്

ചോദ്യം നമ്പർ : 434

| ചോദ്യം. | ഉത്തരം. |
|---|---|
| ശ്രീ. പി. കെ. ബഷീർ<br>,, റ്റി. എ. അഹമ്മദ് കബീർ<br>,, അബ്ദുറഹിമാൻ രണ്ടത്താണി<br>,, സി. മോയിൻകുട്ടി | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| (എ) നാഷണൽ റൂറൽ ലൈവ്‌ലിഹുഡ് മിഷൻ മുഖേന ഗ്രാമീണ ജനതയുടെ സാമ്പത്തിക ഉന്നമനം ലക്ഷ്യമിട്ട് നടപ്പാക്കുന്ന പദ്ധതികളുടെ വിശദ വിവരം നൽകാമോ; | (എ) നാഷണൽ റൂറൽ ലൈവ്‌ലിഹുഡ് മിഷൻ (എൻ.ആർ.എൽ.എം) മുഖേന ഗ്രാമീണ ജനതയുടെ സാമ്പത്തിക ഉന്നമനം ലക്ഷ്യമിട്ട് നടപ്പാക്കുന്ന പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) സൂക്ഷ്മ സംരംഭങ്ങൾക്കു മാത്രമാണോ ഈ പദ്ധതി പ്രകാരം സഹായം നൽകുന്നതെന്ന് വ്യക്തമാക്കുമോ; എങ്കിൽ അതിനുള്ള മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കുമോ; | (ബി) സൂക്ഷ്മ സംരംഭങ്ങൾക്കു മാത്രമല്ല ഈ പദ്ധതി പ്രകാരം സഹായം നൽകുന്നത്. |
| (സി) 2012-13 ൽ പ്രസ്തുത പദ്ധതിക്കായി എന്തു തുക ലഭിച്ചു എന്നും എന്തു തുക ചെലവിട്ടു എന്നും വ്യക്തമാക്കുമോ? | (സി) 2012-13 ൽ ലഭിച്ചതും ചെലവിട്ടതുമായ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| ഉറവിടം | ലഭിച്ച തുക (രൂപ കോടിയിൽ) | ചിലവഴിച്ച തുക (2013 മാർച്ച് വരെ) |
|---|---|---|
| കേന്ദ്ര സർക്കാർ | 35.86* | 20.66 |
| കേരള സർക്കാർ | 6.56 | |
| ആകെ | 42.42 | |

*ഇതിൽ രണ്ടാം ഗഡുവായ 16.17 കോടി രൂപ 2013 മാർച്ച് 30-ന് ആണ് ലഭിച്ചിട്ടുള്ളത്*

സെക്ഷൻ ഓഫീസർ

അനുബന്ധം.

കേരളത്തിൽ എൻ.ആർ.എൽ.എം പദ്ധതിയുടെ നിർവ്വഹണ ഏജൻസി കുടുംബശ്രീ മിഷനാണ്. 2012 ഫെബ്രുവരി മാസം മുതൽ പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. പദ്ധതിയുടെ പ്രധാന 4 പ്രവർത്തന മേഖലകൾ ചുവടെ വിവരിക്കും പ്രകാരമാണ്.

1. **വൈദഗ്ദ്ധ്യ പരിശീലനം**
    - കുടുംബശ്രീ അയൽക്കൂട്ട, എ.ഡി.എസ്, സി.ഡി.എസ് അംഗങ്ങൾക്കായുള്ള പരിശീലന പരിപാടികൾ
    - പുതുതായി ഭാരവാഹിത്വം സ്വീകരിച്ചിട്ടുള്ള സിഡിഎസ് ചെയർപേഴ്സൺമാർക്കുള്ള പരിശീലനം,
    - കുടുംബശ്രീ വിലയിരുത്തൽ സമിതി അംഗങ്ങൾക്കായുള്ള പരിശീലനം
    - പരിശീലന മോഡ്യൂൾ, കൈപുസ്തകം മുതലായവ തയ്യാറാക്കുന്നതിനായുള്ള പരിശീലനം
2. **സാമൂഹിക ഉൾപ്പെടുത്തൽ**
    - കുടുംബശ്രീ സമ്പൂർണ്ണ അയൽക്കൂട്ട പരിപാടി അഥവാ 100% അയൽക്കൂട്ട പ്രവേശനത്തിന്റെ ഭാഗമായി സാമൂഹികപരമായി പിന്നോക്കം നിൽക്കുന്നതും പാർശ്വവൽക്കരിക്കപ്പെട്ടതുമായ ബി.പി.എൽ, എസ്.സി/ എസ്.ടി, തീരദേശ, ഭാഷ–മത ന്യൂനപക്ഷം തുടങ്ങിയ വിഭാഗത്തിലുള്ളവരെ കുടുംബശ്രീ അയൽക്കൂട്ടത്തിന്റെ കീഴിൽ കൊണ്ടുവരിക.
    - പട്ടികവർഗ്ഗ, തീരദേശ കുടുംബങ്ങൾക്കായുള്ള ഔദ്യോഗിക പിന്തുണ 'കമ്മ്യൂണിറ്റി റിസോഴ്സ്' മുഖേന ഉറപ്പാക്കുക.
    - ഗോത്രവർഗ്ഗ വിഭാഗത്തിന് സംസ്ഥാന, ജില്ലാതലത്തിൽ വൈദഗ്ദ്ധ്യസേവനം ലഭ്യമാക്കുക.
    - തീരദേശ സമൂഹത്തിനായുള്ള പ്രത്യേക ഉപജീവന പദ്ധതി.
    - എസ്.ടി സമൂഹത്തിനായുള്ള കോർപ്പസ് ഫണ്ട്/സാമൂഹിക ഇടപെടലുകൾ

3. **സാമ്പത്തിക ഉൾപ്പെടുത്തൽ**

- അയൽക്കൂട്ട ബാങ്ക്ലിങ്കേജിനായി ഇന്ററസ്റ്റ് സബ്സിഡി സ്കീം
- സാമ്പത്തിക സുരക്ഷ പ്രചാരണം
- സി.ഡി.എസ് അക്കൗണ്ടന്റുമാർക്കുള്ള പരിശീലനം
- സി.ഡി.എസ്/എ.ഡി.എസ് ഇന്റേണൽ ഓഡിറ്റർമാർക്കായുള്ള പരിശീലനം
- ബാങ്ക്മാനേജർമാർക്ക് പദ്ധതി പരിചയപ്പെടുത്തൽ

4. **ഉപജീവന വികസനം**

- സംരംഭകർക്കായി പ്രാപ്തി വർദ്ധനവ് പരിശീലനം (പരിശീലനം/ചെറുകിട സംരംഭ കൺസൾട്ടൻസിന്)
- സ്വയംതൊഴിലിനായുള്ള വൈദഗ്ദ്ധ്യ വികസന പരിശീലനം
- സംഘകൃഷി പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക
- മൃഗസംരക്ഷണ മേഖലയിൽ ഉപജീവന വികസനം
- ചെറുകിട സംരംഭങ്ങൾ, സംഘകൃഷി, സമഗ്ര പദ്ധതികളുടെ വികസനം
- വിപണന പിന്തുണ വികസനം
- വൈദഗ്ദ്ധ്യ വികസന പരിശീലനം